# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.1891 - 07/12/2015 - ലെ മറുപടിക്ക്**

**ആളോഹരി കടം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |

(എ) ഈ സർക്കാർ നാലരവർഷം പൂർത്തിയാക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഓരോ വർഷവും എത്ര തുകയാണ് വ്യക്തമാക്കാമോ;ഓരോ വർഷവും ആളോഹരിയായി വരുന്ന കടം എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

ഈ സർക്കാർ നാലരവർഷം പൂർത്തിയാക്കുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത, ആളോഹരികടം എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | കടബാദ്ധ്യത (തുക കോടിയിൽ) | ആളോഹരികടം (രൂപയിൽ) |
|---|---|---|
| 2011-12 | 89418.18 | 26691.99 |
| 2012-13 | 103560.84 | 30730.22 |
| 2013-14 | 119009.07 | 35314.26 |
| 2014-15 | 135440.24 | 40189.98 |

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇത് എത്രയായിരുന്നു ; വ്യക്തമാക്കാമോ;

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 78,673.24 കോടിരൂപയും ആളോഹരികടം 23554.86 രൂപയുമായിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് വിദേശസ്വദേശ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്രസർക്കാർ/ വിദേശ/സ്വദേശ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത തുകയും തിരിച്ചടച്ച തുകയും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | കേന്ദ്ര സർക്കാർ/ വിദേശ സഹായം | | സ്വദേശ സ്ഥാപനങ്ങൾ | |
|---|---|---|---|---|
| | കടമെടുത്തത് | തിരിച്ചടച്ചത് | കടമെടുത്തത് | തിരിച്ചടച്ചത് |
| 2011-12 | 407.15 | 370.54 | 9391.82 | 2522.52 |
| 2012-13 | 552.29 | 326.20 | 12708.89 | 2477.88 |
| 2013-14 | 392.02 | 351.58 | 14069.17 | 2893.23 |
| 2014-15 | 752.47 | 349.63 | 17756.70 | 5493.14 |

(ഡി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക തിരിച്ചടച്ചു; ഏതെല്ലാം സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട സമയം

കേന്ദ്ര സഹായം/വിദേശ വായ്പാ സഹായം ഇവയുടെ തിരിച്ചടവ് അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന റീപേയ്മെന്റ് ഷെഡ്യൂൾ പ്രകാരവും സ്വദേശ സ്ഥാപനങ്ങളിലെ തിരിച്ചടവ്

| | |
|---|---|
| ആയിട്ടില്ല എന്നും എപ്പോഴാണ് അടയ്ക്കേണ്ടതെന്നും വിശദമാക്കാമോ; | വായ്പകളുടെ റീപേയ്മെന്റ് ഷെഡ്യൂൾ പ്രകാരവുമാണ് നടത്തുന്നത്. |
| (ഇ) ഈ കാലയളവിൽ കേന്ദ്ര ലോൺ എടുത്ത വകയിൽ തുക എഴുതിത്തള്ളിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 31.03.2010 വരെ കേന്ദ്ര പദ്ധതി/കേന്ദ്ര സഹായ പദ്ധതി എന്നിവയിലൂടെ സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യ വകുപ്പ് ഒഴികെയുള്ള വകുപ്പുകളിൽ നിന്നും എടുത്തിട്ടുള്ള 5118.25 ലക്ഷം രൂപ കേന്ദ്ര സർക്കാർ 2011-12 സാമ്പത്തിക വർഷത്തിൽ എഴുതിത്തള്ളിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | കേന്ദ്ര സർക്കാരിലെ വിവിധ വകുപ്പുകളുടെ പേര് | തുക (ലക്ഷം) |
|---|---|---|
| 1 | മിനിസ്ട്രി ഓഫ് കൊമേഴ്സ് | 16.67 |
| 2 | മിനിസ്ട്രി ഓഫ് ഷിപ്പിംഗ് | 202.22 |
| 3 | മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ | 4256.33 |
| 4 | മിനിസ്ട്രി ഓഫ് റോഡ്, ട്രാൻസ്പോർട്ട് & ഇൻഡസ്ട്രീസ് | 0.26 |
| 5 | മിനിസ്ട്രി ഓഫ് ഇൻഡസ്ട്രീസ് | 5.64 |
| 6 | മിനിസ്ട്രി ഓഫ് പവർ | 5.73 |
| 7 | മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ് | 278.38 |
| 8 | മിനിസ്ട്രി ഓഫ് അർബൻ ഡെവലപ്മെന്റ് | 353.02 |
| | ആകെ | 5118.25 |

അക്കൗണ്ട്സ് ഓഫീസർ